ശ്രദ്ധ ക്ഷണിക്കൽ

## പട്ടയം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ബി.ഡി. ദേവസ്സി : സർ, തൃശ്ശൂർ ജില്ലയിലെ പതിനായിരത്തോളം വരുന്ന മലയോര കർഷകർക്കും വിവിധ പുറമ്പോക്കുകളിലായി താമസിച്ചു വരുന്നവർക്കും പട്ടയം നൽകുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുന്നതിന് വേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ 1993 മുതൽ ആറായിരത്തോളം മലയോരകർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. ഇതിൽ 4000 ലധികം അപേക്ഷകളിന്മേൽ സംയുക്ത പരിശോധന പൂർത്തീകരിച്ച് കേന്ദ്രാനുമതിക്ക് വേണ്ടി അയച്ചിട്ടുള്ളതുമാണ്. കേന്ദ്രാനുമതി ലഭിച്ച 2000 ത്തോളം അപേക്ഷകർക്ക് ഇതുവരെയും പലവക കാരണങ്ങൾ പറഞ്ഞ് പട്ടയം നൽകിയിട്ടില്ല. ഇതിനു പുറമെ 2000 ലധികം കൈവശക്കാരുടെ അപേക്ഷകൾ ഇനിയും പരിഗണിക്കേണ്ടതുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സുപ്രീം കോടതിയിൽ നിന്ന് അനുകൂല വിധി നേടിയെടുക്കുകയും നിരുപാധിക പട്ടയങ്ങൾ നൽകുന്ന പ്രക്രിയ ആരംഭിക്കുകയും ചെയ്തിരുന്നു. ഇതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ അപേക്ഷകരിൽ മരിച്ചുപോയവർ, അവരുടെ അവകാശികൾ, നിലവിലെ കൈവശക്കാർ തുടങ്ങിയ വിവരങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ അദാലത്തുകൾ നടത്തി ശേഖരിക്കുകയുണ്ടായി. നിലവിൽ മലയോര കർഷകർക്ക് പട്ടയം നൽകുന്ന നടപടികൾ സ്തംഭനാവസ്ഥയി

ലാണ്. തൃശ്ശൂർ കോർപ്പറേഷന്റെ ഭാഗമായുള്ള മുല്ലക്കര ആനക്കൊട്ടിൽ, ഹിൽപ്പാടി, പട്ടാളക്കുന്ന് എന്നീ സ്ഥലങ്ങളിലെയും കോർപ്പറേഷനോട് ചേർന്നു കിടക്കുന്ന മുളങ്കുന്നത്തുകാവ് പഞ്ചായത്തിലെയും ചാലക്കുടി പട്ടണത്തോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലേയും അപേക്ഷകർ ഉൾപ്പെടെ വനമേഖലയിൽ നിന്ന് അകന്നു കിടക്കുന്ന പ്രദേശവാസികളും ഇത്തരത്തിൽ പട്ടയം ലഭിക്കേണ്ടവരിൽ ഉൾപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ ജില്ല യിലെ ചേലക്കര, വടക്കാഞ്ചേരി, ഒല്ലൂർ, പുതുക്കാട്, ചാലക്കുടി മണ്ഡല ങ്ങളിലായി കാലങ്ങളായി മലയോര പട്ടയത്തിനായി അപേക്ഷ നൽകി കാത്തിരിക്കുന്നവർക്ക് പല പട്ടയമേളകളും ഇതിനകം നടത്തിയിട്ടുണ്ടെ ങ്കിലും മലയോര പട്ടയം ഒന്നുപോലും നൽകിയിട്ടില്ല. ആയതിനാൽ കേന്ദ്രാനുമതി ലഭിച്ച 2000 ത്തോളം അപേക്ഷകർക്ക് പട്ടയം അടിയന്ത രമായി നൽകുന്നതിനും സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതി ക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അനുമതി നേടിയെടുക്കു ന്നതിനും ഇനിയും അപേക്ഷകൾ നൽകാനുള്ളവർക്ക് അവസരം നൽകു ന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലയിലെ ആയിരത്തോളം വരുന്ന മേച്ചിൽപ്പുറം നിവാസികൾക്ക് പട്ടയം നൽകുന്നതിന് കഴിഞ്ഞ സർക്കാർ തീരുമാനമെടുത്തിരുന്നു. ഇതിന്റെ ഭാഗമായി 152 അപേക്ഷകൾ നോട്ടിഫിക്കേഷന് വേണ്ടി സംസ്ഥാന സർക്കാരിന് സമർപ്പിച്ചിരുന്നുവെ ങ്കിലും നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ഈ നടപടികൾ പൂർത്തീകരിക്കു വാനും ബാക്കി അപേക്ഷകൾ കൂടി പരിഗണിച്ച് പട്ടയം നൽകുന്നതിനും

അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ചാലക്കുടി നിയോജകമണ്ഡലത്തിലെ പുളിയിലപ്പാറ നിവാസികളായ 116 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളിൽ സംയുക്ത പരിശോധന പൂർത്തിയാക്കിയെങ്കിലും കെ.എസ്.ഇ.ബി.-യുടെ തടസ്സം മൂലം പരിശോധന റിപ്പോർട്ട് ഇനിയും സർക്കാരിന് നൽകിയിട്ടില്ല. സംയുക്ത പരിശോധനയിൽ കെ.എസ്.ഇ.ബി. അധികൃതർ ഒപ്പിടാത്തതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക് 24.3.2012-ൽ തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് അയച്ചിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വൈദ്യുതി വകുപ്പുമന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കും ഞാൻ നേരിട്ട് കത്ത് നൽകിയിട്ടുള്ളതുമാണ്. 22.11.2007-ൽ അന്നത്തെ മുഖ്യമന്ത്രിയുടെ ചേമ്പറിൽ വൈദ്യുതി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സംയുക്ത പരിശോധന കഴിഞ്ഞ് ലിസ്റ്റ് തയ്യാറാക്കി കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് തീരുമാനമെടുത്തിട്ടുള്ളതാണ്. മുഖ്യമന്ത്രിയടക്കമുള്ള ഉന്നതസമിതി എടുത്ത ഒരു പ്രധാന തീരുമാനത്തെയാണ് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ നിഷേധാത്മക നിലപാട് സ്വീകരിച്ച് ലംഘിച്ചിട്ടുള്ളത്. ഈ വിവരങ്ങളെല്ലാം ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് 50 വർഷത്തിലധികമായി താമസിച്ചു വരുന്ന പുളിയിലപ്പാറയിലെ 116 കുടുംബങ്ങൾക്ക് കെ.എസ്.ഇ.ബി.-യുടെ തടസ്സം മാറ്റി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരി

ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. റോഡ്, തോട്, കനാൽ, പുഴ, പാറ തുടങ്ങിയ വികസനാവശ്യങ്ങൾക്ക് ആവശ്യമില്ലാത്ത, വിവിധ വകുപ്പുകളുടെ കീഴിലുള്ള പുറമ്പോക്ക് സ്ഥലങ്ങളിൽ വളരെ വർഷങ്ങളായി താമസിച്ചുവരുന്നവർ പട്ടയത്തിനായി കാലങ്ങളായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇനിയും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഉദാഹരണത്തിന്, 50 വർഷങ്ങൾക്കു മുമ്പ് കനാൽ ബണ്ട് നിർമ്മിക്കാൻ മണ്ണെടുക്കുന്നതിന് വേണ്ടി കനാലിൽ നിന്ന് വളരെ ദൂരെ വാങ്ങിയ സ്ഥലത്ത് താമസിക്കുന്നവരുണ്ട്. അവർക്ക് പോലും പട്ടയം കൊടുക്കാത്ത സ്ഥിതിയാണ് നിലനിൽക്കുന്നത്. അതുപോലെ സുനാമി ദുരിതാശ്വാസത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ വീട് നിർമ്മിച്ച് നൽകിയ അഞ്ഞൂറോളം പേർക്ക് ഇനിയും പട്ടയം ലഭിച്ചിട്ടില്ല. പട്ടയം ലഭിക്കാത്തതിന്റെ ഭാഗമായി ആയിരക്കണക്കിന് ആളുകൾ വീടുകൾ നിർമ്മിക്കുന്നതിനോ സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനോ വിവിധ ആവശ്യങ്ങൾക്കായി വായ്പ എടുക്കുന്നതിനോ കഴിയാതെ കഷ്ടപ്പെടുകയാണ്. ആയതിനാൽ 10000-ത്തോളം വരുന്ന തൃശ്ശൂരിലെ മലയോരകർഷകർക്കും കൂടാതെ വിവിധ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്കും പട്ടയം നൽകുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, തൃശ്ശൂർ ജില്ലയിലെ പുറമ്പോക്ക് ഭൂമിയുടെ പട്ടയത്തിനായി ലഭിച്ച

അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിയതിൽ ചില അപേക്ഷകൾ മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടതും നിയമപ്രകാരം പതിച്ചുനൽകുവാൻ നിർവ്വാഹമില്ലാത്തതും മറ്റ് വകുപ്പുകളിൽ നിന്ന് പുന:സ്ഥാപിച്ച് ലഭിക്കേണ്ടതുമാണെന്ന് കാണുന്നു. ഇക്കാരണങ്ങളാൽ കാലതാമസം നേരിടുന്നുണ്ട്. നിലവിലുള്ള നിയമപ്രകാരം പതിച്ചുനൽകാവുന്ന ഭൂമിയാണെങ്കിൽ നിയമാനുസൃതം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ടവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ 2015-ഓടുകൂടി കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ 'സീറോ ലാൻഡ്ലെസ് കേരള 2015' എന്ന പദ്ധതി ഈ സർക്കാർ വന്നതിനുശേഷം ആവിഷ്ക്കരിച്ചിട്ടുണ്ട്. 01.01.1977-ന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് നിലവിലുള്ള നിയമം അനുസരിച്ച് കേന്ദ്ര അനുമതി ലഭിച്ചതിനുശേഷമേ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. കേന്ദ്രാനുമതി ലഭിച്ച ലിസ്റ്റ് പ്രകാരമുള്ളവർക്ക്, നിയമാനുസൃതം അപേക്ഷ ലഭ്യമാക്കി വിശദമായ പരിശോധന നടത്തിയതിനുശേഷം നിലവിലുള്ള വനഭൂമിക്ക് സ്പെഷ്യൽ തഹസിൽദാർ മുഖാന്തിരം പട്ടയം നൽകിവരുന്നതാണ്. കേന്ദ്ര അനുമതി ആവശ്യമായ അപേക്ഷകളിന്മേൽ റവന്യൂ വകുപ്പും വനം വകുപ്പും സംയുക്ത പരിശോധന നടത്തി ലിസ്റ്റ് തയ്യാറാക്കി, അനുമതി ലഭ്യമാക്കി താമസംവിന പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൈവശക്കാരായിരുന്ന നിരവധി അപേക്ഷകർ ഭൂമി കൈമാറ്റം

ചെയ്ത കാരണത്താൽ അവർക്ക് ഭൂമി നിയമാനുസൃതം പതിച്ചുനൽകുന്നതിൽ തടസ്സം നേരിടേണ്ടിവരുന്നുണ്ട്.

ശ്രീ. ബി.ഡി. ദേവസ്സി: സർ, വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടാണ് പട്ടയമെന്നുള്ളതുകൊണ്ട് വനം, റവന്യൂ, പൊതുമരാമത്ത്, ജലവിഭവം, പഞ്ചായത്ത്, നഗരകാര്യം എന്നീ വകുപ്പുകളുടെ മന്ത്രിമാരെയും എം.എൽ.എ-മാരേയും ഉദ്യോഗസ്ഥന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാ അടിസ്ഥാനത്തിൽ യോഗംകൂടി ചർച്ചചെയ്യുന്നതിനും തുടർന്ന് മണ്ഡലാടിസ്ഥാനത്തിൽ പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതനുസരിച്ച് ഈ നിയമസഭാ സമ്മേളന കാലയളവിൽ തന്നെ അങ്ങനെയൊരു യോഗം വിളിച്ചു ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**തീരപ്രദേശങ്ങളിൽ പുലിമുട്ടോടുകൂടിയ കടൽഭിത്തികൾ**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, മിഥുനമാസം തീർന്നിട്ടില്ല, കർക്കിടകം വരാൻ പോകുന്നതേയുള്ളൂ. കേരളത്തിലെ പല പ്രദേശങ്ങളിലും രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുകയാണ്. എല്ലാവർഷവും തുടർക്കഥയായി തീരദേശവാസികൾ അനുഭവിക്കുകയാണ്. കടൽഭിത്തിയുള്ള പ്രദേശങ്ങളിൽപോലും അതിനുമുകളിലൂടെ തിരമാലകൾ കരയിലേയ്ക്ക് ആഞ്ഞടിക്കുകയാണ്. എല്ലാ വർഷവും സാധാരണക്കാരുടെ വീടുകൾക്ക് വമ്പിച്ച നാശനഷ്ടങ്ങൾ ഉണ്ടാകുന്നു. പല പ്രദേശങ്ങളിലും ജനങ്ങളെ മാറ്റിപാർപ്പിക്കേണ്ടിവരുന്നു. കടൽവെള്ളം ഒഴുകി റോഡുകൾ മുങ്ങുകയും യാത്രപോലും അസാദ്ധ്യമാവുകയും ചെയ്യുന്നു. എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി മുതൽ തെക്കോട്ട് അന്ധകാരനഴി വരെയുള്ള തീരപ്രദേശം നിരന്തരമായി കടലാക്രമണം നേരിടുന്നു. കൊച്ചി തുറമുഖത്തിനുവേണ്ടി വേമ്പനാട്ട് കായൽ നികത്തി വെല്ലിംങ്ടൺ ഐലന്റ് നിർമ്മിച്ചപ്പോൾ സമീപപ്രദേശങ്ങളിൽ കടലാക്രമണം ഉണ്ടാകുമെന്ന് കൊച്ചി തുറമുഖത്തിന്റെ ശിൽപ്പിയായിരുന്ന റോബർട്ട് ബ്രിസ്റ്റോ അദ്ദേഹത്തിന്റെ പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. ഫോർട്ട് കൊച്ചി മുതൽ തെക്കോട്ട്, ചെല്ലാനം, പള്ളിത്തോട്, അന്ധകാരനഴി വരെ നൂറുകണക്കിന് കുടുംബങ്ങൾക്ക് ആയിരക്കണക്കിന് ഏക്കർ സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ട്. കൊച്ചി അഴിമുഖത്തിന് വടക്ക് പുതുവൈപ്പ് കടൽ പിന്നോട്ട് മാറിയുണ്ടായ പ്രദേശമാണ്. കടലാക്രമണം ശാശ്വതമായി പരിഹരിക്കാൻ പുലിമു

ട്ടോടുകൂടി കടൽഭിത്തി നിർമ്മാണം സഹായകരമാകുമെന്ന് വിശ്വസിക്കുന്നു. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം ആരംഭിച്ചതിനുശേഷം എല്ലാ ദിവസവും അവിടെ ഡ്രഡ്ജിംഗ് നടക്കുകയാണ്. അതും തൊട്ടടുത്തുള്ള പ്രദേശങ്ങളിൽ കടലാക്രമണം രൂക്ഷമാകുന്നതിന് ഇടയാക്കുന്നുവെന്ന് പരാതിയുണ്ട്. ഫോർട്ട് കൊച്ചിയിൽ ഇന്ത്യൻ നേവിയുടെ ദ്രോണാചാര്യ പ്രദേശത്ത് പുലിമുട്ടോടുകൂടിയ ശക്തമായ കടൽഭിത്തി ഏതാനും വർഷങ്ങൾക്ക് മുമ്പ് നിർമ്മിക്കുകയുണ്ടായി. ഇത് വളരെ ഫലവത്താണെന്ന് ബോധ്യമായതിനാൽ ഇതുപോലെ തെക്കുഭാഗത്തേയ്ക്ക് കടൽഭിത്തി നിർമ്മാണമെന്ന ആവശ്യം ഇന്ന് ജനകീയ ആവശ്യമായി ഉയർന്നുവന്നിരിക്കുകയാണ്. വളരെയേറെ ചെലവുവരുന്ന ഈ പ്രവൃത്തി നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം നമുക്ക് വേണ്ടിവരും. തീരപ്രദേശം ഒരു അതിർത്തി പ്രദേശമായി കണക്കാക്കേണ്ടതാണ്. വടക്കുകിഴക്കും തെക്കുമൊക്കെ കേന്ദ്ര ഗവൺമെന്റ് ആയിരക്കണക്കിന് കോടി രൂപയാണ് അതിർത്തികാക്കാൻ മുടക്കുന്നത്. നമ്മുടെ അതിർത്തിപ്രദേശമെന്ന നിലയ്ക്ക് തീരദേശം സംരക്ഷിക്കാൻ കടൽഭിത്തി നിർമ്മാണത്തിന് കേന്ദ്രത്തിൽ പദ്ധതി കൊടുക്കുകയും സഹായം ആവശ്യപ്പെടുകയും വേണം. സുനാമിയെയും അതുവഴിയുണ്ടാകുന്ന രാക്ഷസത്തിരമാലകളെയും മുഴുവനായി ഇല്ലായ്മ ചെയ്യാൻ നമുക്ക് കഴിയില്ല. പക്ഷേ ഒരുപരിധിവരെ ദ്രോണാചാര്യ മോഡൽ കടൽഭിത്തികൊണ്ട് ഇവയെ നിയന്ത്രിക്കുവാൻ നമുക്ക് കഴിയും ഇക്കാര്യ

ത്തിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, കടലാക്രമണം മൂലമുള്ള നാശനഷ്ടങ്ങൾ തീരപ്രദേശത്തെ ജനങ്ങളുടെ സ്വത്തിനും ജീവനും വലിയ ഭീഷണിയാണ് നേരിടുന്നത്. ചില സ്ഥലങ്ങളിൽ ഇപ്പോൾ നിലവിലുള്ള കടൽ ഭിത്തികൾ കടലാക്രമണത്തെ പ്രതിരോധിക്കുവാൻ തീരെ അപര്യാപ്തമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന് ഒരു പരിഹാരമെന്ന നിലയ്ക്കാണ് പുലിമുട്ടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള ഒന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. പ്രതിപാദിപ്പിക്കുന്ന ഫോർട്ട് കൊച്ചിയിലെ ഐ.എൻ.എസ്. ദ്രോണാചാര്യയുടെ തീരദേശത്ത് നിർമ്മിച്ചിരിക്കുന്ന പുലിമുട്ടോട് കൂടിയുള്ള കടൽഭിത്തി. ഐ.എൻ.എസ് ദ്രോണാചാര്യയുടെ 2 കിലോ മീറ്റർ നീളം വരുന്ന തീരപ്രദേശത്തിന്റെ സംരക്ഷണത്തിനുവേണ്ടി 2006-ൽ ജലസേചനവകുപ്പ് വിട്ട് കൊടുക്കുകയും തുടർന്ന് 30 മീറ്റർ വീതിയിലുള്ള കടൽഭിത്തിയും ഇടവിട്ടുള്ള പുലിമുട്ടുകളും കൂടി പ്രതിരോധ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഐ.എൻ.എസ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. പുലിമുട്ടുകൾ ഫലപ്രദമാണെന്ന് കണ്ട് ഓരോ തീരത്തിന്റെയും സവിശേഷതകൾ അനുസരിച്ച് ആവശ്യമായ ഇടങ്ങളിൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട്. ഇത്തരത്തിൽ 12-ാം ധനകാര്യ കമ്മീഷന്റെ

സഹായധനത്തിന്റെ കീഴിൽ പതിനൊന്ന് പുലിമുട്ടുകൾ പണി തീർത്തിട്ടുണ്ട്. സുനാമി ഫണ്ട് ഉപയോഗിച്ച് പതിനാല് പുലിമുട്ടുകളുടെ പണിയും പൂർത്തിയാക്കിയിട്ടുണ്ട്. കണ്ടേക്കാട്-മാലാഖപടിയിൽ ഐ.ഐ.റ്റിയുടെ ഡിസൈൻ പ്രകാരം '2' ബൾബ് ഗ്രോയിനുകളും കണ്ണമാലി തീരപ്രദേശത്ത് ഒരു 'റ്റി' ഗ്രോയിനും ചെയ്തിട്ടുണ്ട്. പുലിമുട്ടുകളുടെ നിർമ്മാണത്തിന് 750 കോടി രൂപയുടെ ഒരു സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയെ ഞാനും ശ്രീ. കെ.സി. വേണുഗോപാലും നേരിട്ട് കണ്ട് നിവേദനവും നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിനെക്കുറിച്ച് ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ടും അനുമതിയും ലഭിക്കുന്ന മുറയ്ക്ക് പുലിമുട്ടുകളുടെ നിർമ്മാണം എത്രയുംവേഗം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കടലാക്രമണം തടയുന്നതിന് ഇന്നുള്ള കടൽഭിത്തികൾ പലതും അപര്യാപ്തമാണ്. പുലമുട്ടുകൾ നിർമ്മിച്ചാൽ മണൽവന്ന് തന്നെ നിറഞ്ഞുകൊള്ളും പിന്നെ കടലാക്രമണം ഉണ്ടാകില്ല. പക്ഷേ ഇതുവളരെ ചെലവേറിയതാണ്. അതുകൊണ്ട് ഇപ്പോൾ 750 കോടി രൂപയുടെ പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്, ഡീറ്റെയിൽസ് ആവശ്യപ്പെട്ടിരിക്കുകയാണ്. കേരളത്തിലുടനീളം 571 കി.മീ നീളത്തിലുള്ള കടലോരത്തിന് പുലിമുട്ട് ഫലപ്രദമായ പരിഹാരമാണെന്ന് കണ്ടെത്തിയിരിക്കുന്നു. അതുകൊണ്ട് കേന്ദ്രഗവൺമെന്റുമായി ഈ വിഷയം ചർച്ച

ചെയ്തുകൊണ്ടിരിക്കുകയാണ്. ബന്ധപ്പെട്ടവരെല്ലാം അതിലിടപ്പെട്ട് കേന്ദ്രത്തിൽ നിന്ന് ഫണ്ട് അനുവദിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങ് ഏതായാലും ഈ വിഷയത്തിൽ സ്റ്റഡി ചെയ്തുവെന്ന് ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. ഇതിന് വളരെയേറെ സാങ്കേതികത്വം ആവശ്യമുണ്ട്. ഐ.ഐ.റ്റി. മദ്രാസ്-ന്റെയോ പൂനെയിലെ വാട്ടർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ സഹായത്തോടുകൂടി ഫലപ്രദമായ ഒരു പദ്ധതി കേന്ദ്രത്തിൽ കൊടുക്കുകയും എം.പി മാരെയും കൂട്ടി മുഖ്യമന്ത്രിയടക്കമുള്ള നമ്മുടെ മന്ത്രിമാരും അങ്ങുംകൂടി ഡൽഹിയിൽ പോയി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി അതിനാവശ്യമായ ഫണ്ട് വാങ്ങിയെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യുമോയെന്നാണ് എനിക്ക് അറിയാനുള്ളത്.

ശ്രീ. പി.ജെ. ജോസഫ്: സർ, നിർമ്മിച്ചിട്ടുള്ള പുലിമുട്ടുകൾ വളരെ ഫലപ്രദമാണെന്ന് കണ്ടിരിക്കുന്നു. കൂടുതൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി എറണാകുളം ജില്ലയുടെ കുറേഭാഗങ്ങളും ആലപ്പുഴ മുഴുവനും കവറേജ് വരുത്തിയാണ് ഇപ്പോൾ മെമ്മോറാണ്ടം കൊടുത്തിരിക്കുന്നത്. മലബാർ ഭാഗത്തേയ്ക്കും ഇതാവശ്യമായിട്ടുണ്ട്, അതിന്റെ ഡീറ്റെയിൽസ് കളക്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു അഡീഷണൽ മെമ്മോറാണ്ടം കൂടി കൊടുക്കാൻ ഉദ്ദേശിക്കുന്നു. അതിർത്തി സംരക്ഷണം പോലെയാണ് കടലോരങ്ങൾ സംരക്ഷിക്കേണ്ടത്. അതുകൊണ്ട് ആ നില

യിലുള്ള സഹായം കേന്ദ്രത്തിൽ നിന്ന് കിട്ടണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ബന്ധപ്പെട്ടവരെല്ലാം അതിനുവേണ്ടി ശ്രമിക്കണമെന്ന് കൂടി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): കടൽഭിത്തി തീരെ ഇല്ലാത്ത പ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മാണത്തിന് പരിഗണന നൽകുമോ?

ശ്രീ. പി.ജെ. ജോസഫ്: അങ്ങനെയൊരു പദ്ധതിക്കാണ് ഇപ്പോൾ രൂപം കൊടുത്തുകൊണ്ടിരിക്കുന്നത്. അത് കേന്ദ്രത്തിൽ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു.

(സബ്മിഷൻ)

* * * * * * * * * * * * * * *